**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2177** **11.03.2020-ൽ മറുപടിക്ക്**

## ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br><br>ശ്രീ. ആന്റണി ജോൺ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (എ), (ബി) & (സി) | കോതമംഗലം മണ്ഡലത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ചിരുന്നു. ഇടമലയാർ റിസർവോയർ വന മേഖലയിലായതിനാൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് വനം വകുപ്പിന്റെ അനുവാദം ആവശ്യമാണ്. ടി വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇവിടെ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആദ്യ ഘട്ടമായി ഗാർഡനിങ്, ബട്ടർ ഫ്ലൈ പാർക്ക് എന്നിവ ആരംഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (ഡി) | കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ തട്ടേക്കാട്, ഭൂതത്താൻകെട്ട് എന്നിവിടങ്ങളിലെത്തുന്ന സ്വദേശീയരും, വിദേശീയരുമായ വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടത്തക്കവിധം ഇടമലയാർ ഡാമിൽ വനം വകുപ്പുമായി ചേർന്ന് ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ